**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4331** **18-03-2025 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. സംരംഭം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു എം.എസ്.എം.ഇ. സംരംഭം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളായ 2008-ലെ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമത്തിന്റെ കീഴിൽ വരാത്തതോ, CEZ കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ മാസ്റ്റർ പ്ലാൻ അതാത് പഞ്ചായത്ത്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർ പ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമെ വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി (Land) കണ്ടെത്താൻ പാടുള്ളൂ. ഭൂമി (Land) കണ്ടെത്തിയ ശേഷം ബിൽഡിംഗ് വെക്കുന്നതിന് നിലവിലെ പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി രാജ് ആക്ട്, പഞ്ചായത്ത് ബിൽഡിംഗ് റൂൾ, മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ എന്നിവ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും റോഡിന്റെ വീതി, ബിൽഡിംഗിന്റെ ഉയരം, തൊട്ടടുത്ത വീട്ടിലേക്കുള്ള ദൂരം, തൊട്ടടുത്ത ആളുടെ സ്ഥലത്തേക്കുള്ള ദൂരം എന്നിവ പാലിക്കുകയും, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് റെസ്ക്യൂ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ മാനദണ്ഡങ്ങൾ ആണ് ബിൽഡിംഗിന് പാലിക്കേണ്ടത്. ആയതിന് ശേഷം ഒരു സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എഫ്.എസ്.എസ്.എ.ഐ, ലീഗൽ മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരമുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രമോ ഈ സംരംഭത്തിന് ആവശ്യമാണ്. സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പുകളുടെ ലൈസൻസുകളനുസരിച്ചുള്ള മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.<br><br>2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് മൂന്ന് വർഷം ആറുമാസത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ ഓൺലൈനായി സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം മുഖാന്തിരം ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നൽകുന്നു. ഏറ്റവും എളുപ്പത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർക്ക് ഈ ആക്റ്റ് നിയമപരമായ പിൻബലം നൽകുന്നു. കൂടാതെ ഈ ആക്ട് പ്രകാരമുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് പോർട്ടലും നിലവിലുണ്ട്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കിക്കൊണ്ട് ആരംഭിക്കുന്ന സംരംഭകർക്ക് മൂന്ന് വർഷം. ആറുമാസം കാലയളവിനുള്ളിൽ വിവിധ അനുമതികൾ ഏകജാലക സംവിധാനം വഴി കരസ്ഥമാക്കാവുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് തുടങ്ങുന്ന എം.എസ്.എം.ഇ. സംരംഭത്തിന് എന്തൊക്കെ അനുമതികൾ ആവശ്യമാണ്; വിശദമാക്കാമോ; | (ബി) | ഒരു സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എഫ്.എസ്.എസ്.എ.ഐ(ഫുഡ് സേഫ്റ്റി ലൈസൻസ്), ലീഗൽ മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പകളിൽ സംരംഭത്തിനനുസരിച്ച് ബാധകമായ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരമുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രമോ സംരംഭത്തിന് ആവശ്യമാണ്. സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പകളുടെ ലൈസൻസുക ളനുസരിച്ചുള്ള മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.<br><br>21.01.2020-ലെ സ.ഉ.(സാധാ) നം. 160/ 2020/ ത.സ്വ.ഭ.വ. അനുസരിച്ച് വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ള 5 കുതിര ശക്തി (HP) യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന നാനോ ഹൗസ് ഹോൾഡ് സംരംഭങ്ങൾക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കാൻ കഴിയുന്നതാണ്. |
| (സി) | സംസ്ഥാന സർക്കാരിന്റെ ഓരോ അനുമതിയിലും 2021 മുതൽ നാളിതുവരെ എത്ര എം.എസ്.എം.ഇ.- കൾ തുടങ്ങി എന്ന് വർഷം തിരിച്ച വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് എം.എസ്.എം.ഇ.-കൾ തുടങ്ങുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി ആവശ്യമായി വരുന്നില്ല. എന്നാൽ സംരംഭങ്ങളുടെ സ്വഭാവം അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരമുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രമോ സംരംഭത്തിന് ആവശ്യമാണ്. സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പകളുടെ ലൈസൻസുകളനുസരിച്ചുള്ള മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.<br><br>അംഗീകാര സാക്ഷ്യപത്രം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് പരിപാലിക്കുന്ന കെ-സ്വിഫ്റ്റ് പോർട്ടൽ നിലവിലുണ്ട്. 2021 മുതൽ നാളിതുവരെ കെ-സ്വിഫ്റ്റ് |

പോർട്ടൽ മുഖാന്തിരം 59,959 എം.എസ്.എം.ഇ.- കൾ അനുമതികൾ കരസ്ഥമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്, ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. എന്നാൽ വിവിധ വകുപ്പുകളിൽ നിന്നോ ഏജൻസികളിൽ നിന്നോ അനുമതികൾ കരസ്ഥമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ കണക്കുകൾ ലഭ്യമല്ല.

| Sl.No. | വർഷം | K-SWIFT പോർട്ടൽ വഴി അനുമതി കരസ്ഥമാക്കിയ എം.എസ്.എം.ഇകളുടെ എണ്ണം |
|---|---|---|
| 1 | 2021 | 8270 |
| 2 | 2022 | 10730 |
| 3 | 2023 | 15341 |
| 4 | 2024 | 20022 |
| 5 | 2025 (up to 15.03.25) | 5596 |
| | ആകെ | 59,959 |

സെക്ഷൻ ഓഫീസർ